LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും ഉപയോഗം വർദ്ധിച്ചുവരുന്നത് തടയാൻ ഇവയുടെ അമിത ഉപയോഗംമൂലമുണ്ടാകുന്ന പാരിസ്ഥിതിക ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് ബോധവത്ക്കരണ പരിപാടികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. ജൈവകൃഷി ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാൻ സർക്കാർ തലത്തിൽ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം വളപ്രയോഗം നടത്തുന്നതിന് എല്ലാ കൃഷിഭവൻ മുഖേനയും പദ്ധതികൾ നടപ്പിലാക്കിവരുന്നു. കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിനായി സംയോജിത കീടനിയന്ത്രണ പരിപാടികളും നടപ്പിലാക്കി വരുന്നു.

(ബി) നിലവിൽ നിർദ്ദേശങ്ങൾ പരിഗണനയിലില്ല.

(സി) 2013 നവംബർ മാസം മുതൽ ജൈവവളങ്ങൾ ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (FCO-1985)-ൽ ഉൾപ്പെടുത്തി ഇവയുടെ ഉല്പാദനത്തിനും വിപണനത്തിനും ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ട്. ഗുണമേന്മയില്ലാത്ത ജൈവവളങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾ പ്രചരിപ്പിക്കുന്നതുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കർഷകർക്ക് ബോധവൽക്കരണം നടത്തുന്നുണ്ട്.

(ഡി) ജൈവകീടനാശിനികൾ നിലവിൽ വിപണിയിൽ ലഭ്യമാണ്. ജൈവകീടരോഗ നിയന്ത്രണത്തിന്റെ ഭാഗമായി സർക്കാർതലത്തിൽ സ്റ്റേറ്റ് ബയോ കൺട്രോൾ ലബോറട്ടറി, മണ്ണുത്തി, തൃശ്ശൂർ മുഖേന ജൈവകീട നിയന്ത്രണ ഉപാധികൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുവരുന്നുണ്ട്. കൂടുതൽ ജൈവകീടനാശിനികൾ പ്രയോഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ ശാക്തീകരണം

288 (1729) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കൃഷിവകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശാക്തീകരിക്കുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഫാമുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ശാക്തീകരണത്തിന്റെ ഭാഗമായി ഫാമുകൾ തമ്മിൽ സൗന്ദര്യവൽക്കരണത്തിലും പ്രവർത്തനത്തിലും മത്സരം ഉണ്ടാക്കിയെടുക്കാൻ സമ്മാനപദ്ധതി ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

ഉത്തരം

(എ) കൃഷി ഫാമുകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് :

1. ഫാമുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ, അതിരുകൾ തിട്ടപ്പെടുത്തി ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള പരിപാടികൾ എന്നിവ നടന്നുവരുന്നു.

2. ജലസേചനം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. ഫാമുകളിൽ നിലവിലുള്ള ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. കൃഷി ഫാമുകളിൽ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതുവഴി ജൈവവളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക.

5. ശാക്തീകരണത്തിലും ആധുനികവൽക്കരണത്തിലും സൗന്ദര്യ വൽക്കരണത്തിലും ഫാമുകളുടെ ഇടയിൽ മത്സരബുദ്ധി ഉളവാക്കുന്നതിനു കാര്യക്ഷമവും ഉല്പാദനമേഖലയിൽ മികവും കാട്ടുന്ന ഫാമുകൾക്ക് സമ്മാനം ഏർപ്പെടുത്തിയിട്ടുണ്ട്.

6. ജില്ലാഫാം ഉപദേശകസമിതിയിൽ ജില്ലാ പഞ്ചായത്ത് മെമ്പർമാരെയും ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

7. ജൈവകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷി രീതി ഫാമുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

8. നടീൽ വസ്തുക്കളുടെ ഉല്പാദനത്തിൽ (പഴവർഗ്ഗങ്ങളുടെ ഗ്രാഫ്റ്റ്, ലെയറുകൾ, തൈകൾ, പച്ചക്കറി തൈകൾ, കുറിയഇനം തെങ്ങിൻ തൈകൾ ടിഷ്യുകൾച്ചർ തൈകൾ) ഗണ്യമായ വർദ്ധന വരുത്തുന്നതിന് ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ അതിരുകൾ തിട്ടപ്പെടുത്തി ഫെൻസിംഗ് നടത്തുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ജലസേചനം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. മറ്റ് അടിസ്ഥാന സൗകര്യങ്ങളായ ലേബർ പടി, വിപണന കൗണ്ടർ ക്വാർട്ടേഴ്സ്, കാറ്റിൽ ഷെഡ് എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമുള്ള ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട്. Capital outlay, RKVY, RIDF എന്നിവയിൽ ഈ വർഷം ഉക അനുവദിച്ചിട്ടുണ്ട്.

(സി) ഫാമുകളുടെ ശാക്തീകരണത്തിലും ആധുനികവൽക്കരണത്തിലും സൗന്ദര്യവൽക്കരണത്തിലും ഫാമുകളുടെ ഇടയിൽ മത്സരബുദ്ധി ഉളവാക്കുന്നതിന് കാര്യക്ഷമവും ഉല്പാദനമേഖലയിൽ മികവും കാട്ടുന്ന ഫാമുകൾക്ക് സമ്മാനപദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം ഒന്നാം സമ്മാനമായി 15 ലക്ഷം രൂപയും രണ്ടാം സമ്മാനമായി 10 ലക്ഷം രൂപയും മൂന്നാം സമ്മാനമായി 5 ലക്ഷം രൂപയുമാണ് നൽകുന്നത്.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർനടപടികൾ നടന്നുവരുന്നു.

നെൽകർഷകരുടെ പ്രശ്നങ്ങൾ

289 (1730) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന് യഥാസമയം വിലനൽകാൻ കഴിയാത്ത സ്ഥിതിവിശേഷം നിലനില്ക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേന്ദ്ര സബ്സിഡി യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(സി) ഇത്തരം കർഷകർക്ക്, സംഭരിക്കുന്ന നെല്ലിന്റെ വില യഥാസമയം നൽകാൻ കഴിയാത്തതു കാരണം വായ്പാ തിരിച്ചടവ് യഥാസമയം നടത്താൻ കഴിയുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത കർഷകർക്ക് വായ്പാ തിരിച്ചടവിൽ ഇളവുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly